പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 1945      04.05. 2017 ൽ മറുപടിക്ക്

## വൈദ്യുതി ബോർഡിന്റെ നഷ്ടം

**ചോദ്യം**

ശ്രീ.പി.ഉണ്ണി.

**ഉത്തരം**

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വൈദ്യുതി ബോർഡിന് വലിയ നഷ്ടം സംഭവിച്ചു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ 2011-12, 2012-13 വർഷത്തെ കണക്ക് ലഭ്യമാക്കാമോ;

(എ) ഉണ്ട്. കെ.എസ്.ഇ.ബി. 2012-13 സാമ്പത്തിക വർഷം വരെ കേന്ദ്ര റെഗുലേറ്ററി കമ്മീഷൻ അനുശാസിക്കുന്ന നിശ്ചിത ശതമാനം ലാഭം കണക്കുകളിൽ കാണിക്കുന്നുണ്ട്. ഇപ്രകാരം ലാഭം കാണിക്കേണ്ടുന്ന തുകയിൽ വന്ന കുറവും നഷ്ടവും റവന്യൂ ഗ്യാപ്പ് അഥവാ റെഗുലേറ്ററി അസറ്റായി വരവു വച്ചിട്ടുണ്ട്. 2011-12, 12-13 വർഷങ്ങളിലെ റവന്യൂ ഗ്യാപ്പ് ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | റവന്യൂ ഗ്യാപ്പ്/ റഗുലേറ്ററി അസറ്റ് (തുക കോടിയിൽ) |
|---|---|
| 2011-12 | 1934.13 |
| 2012-13 | 3998.89 |

(ബി) സംസ്ഥാന വൈദ്യുതി ബോർഡിന്റെ നിലവിലെ ബാദ്ധ്യത എത്രയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ബാദ്ധ്യത പരിഹരിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കടബാദ്ധ്യതകൾ 31.03.2017 പ്രകാരം ചുവടെ ചേർക്കുന്നു.

| | (തുക കോടിയിൽ) |
|---|---|
| ഓവർഡ്രാഫ്റ്റ് | 666.19 |
| ഹ്രസ്വകാല വായ്പ | 2553.69 |
| ദീർഘകാല വായ്പ | 4523.00 |
| **ആകെ** | **7742.88** |

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ബാദ്ധ്യത പരിഹരിക്കുന്നതിനായി സാമ്പത്തിക വിഭാഗത്തിൽ ചുവടെ ചേർക്കുന്ന നടപടികൾ കൈക്കൊണ്ടുവരുന്നു.

മുൻകാലങ്ങളിലെന്നപോലെ ഉയർന്ന നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പയെടുക്കുന്നതാണ്. കേന്ദ്ര സർക്കാർ 20.11.2015-ൽ പ്രഖ്യാപിച്ച 'ഉദയ് പദ്ധതി' പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്ന ഭാഗത്തിൽ പങ്കാളിയാകുന്നതിന് നടപടിയെടുത്തു. പ്രസ്തുത പദ്ധതി പ്രകാരം 'AT & C loss'- ഉം 'റവന്യൂ ഗ്യാപ്പും' കുറയ്ക്കുന്നതിനും നടപടി എടുക്കുന്നതാണ്.

| | |
|---|---|
| | മിതമായ വിലയിൽ ഹ്രസ്വ-ദീർഘ കാലാടിസ്ഥാന ത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തന മികവ് കൂടുതൽ മെച്ചപ്പെടുത്തുന്നതിലൂടെയും ബോർഡിന്റെ ബാദ്ധ്യതകൾ പരിഹരിക്കുന്നതുമാണ്.<br><br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ, കെ.എസ്.ഇ.ബി. സമർപ്പിച്ചിട്ടുള്ള വരവു ചെലവു കണക്കുകൾ അംഗീകരിക്കുന്നത് പ്രകാരം താരിഫ് വർദ്ധനവ് നടപ്പിലാക്കുമ്പോൾ ബാദ്ധ്യതകൾ കുറയുന്നതാണ്.<br><br>കേരള സംസ്ഥാന വാട്ടർ അതോറിറ്റിയിൽ നിന്നും മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതി ചാർജ് കുടിശ്ശിക ഇനത്തിൽ പിരിഞ്ഞു കിട്ടേണ്ട 1,300 കോടി രൂപ ലഭ്യമാകുമ്പോൾ ബോർഡിന്റെ സാമ്പത്തിക ബാദ്ധ്യത ഗണ്യമായി കുറയുന്നതാണ്. |

സെക്ഷൻ ഓഫീസർ